LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം

302(1287) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മൈൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) എത്ര പേർ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ടെന്നും ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

&

(ഇ) സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ മഡ് ഫുട്ബോൾ കോർട്ട്, മേസണറി ഗ്യാലറി, ചെയിഞ്ച് റൂം എന്നീ സൗകര്യങ്ങളോടെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 72.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം ഇ-ദർഘാസുകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസിൽ 2 പി.ഡബ്ല്യു.ഡി. കരാറുകാരും 1 പി.ഡബ്ല്യു.ഡി. ലൈസൻസുള്ള സ്ഥാപനവും ഇ-ദർഘാസുകൾ സമർപ്പിച്ചിരുന്നു. കായിക യുവജനകാര്യാലയത്തിന്റെ 21-6-2021-ന് ചേർന്ന 69-ാമത് ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. സാജു. സി, മലപ്പുറം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ടെണ്ടർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രവൃത്തികൾക്കായുള്ള വർക്ക് ഓർഡർ ശ്രീ. സാജു. സി, മലപ്പുറം എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. നിലവിൽ കോവിഡ് 19 മഹാമാരി പശ്ചാത്തലത്തിൽ കരാറുകാരന് എഗ്രിമെന്റിൽ ഏർപ്പെടാനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2021 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.